# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 44 07.08.2017-ൽ മറുപടിയ്ക്ക്.

## ജനകീയ ആസൂത്രണത്തിന്റെ ഫലമായുള്ള കാർഷിക വളർച്ച ,മൃഗസംരക്ഷണം എന്നിവയുടെ സ്ഥിതി

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 1996 ൽ ആരംഭിച്ച ജനകീയ ആസൂത്രണത്തിന്റെ ഫലമായി കാർഷിക വളർച്ച, മൃഗ സംരക്ഷണം എന്നിവയുടെ സ്ഥിതി എന്താണ് എന്ന് വ്യക്തമാക്കാമോ ? | (എ) | ജനകീയ ആസൂത്രണത്തിന്റെ ഫലമായി മാത്രം കൃഷി, മൃഗ സംരക്ഷണം എന്നീ മേഖലകളിൽ ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടില്ല. 1995-96 കാലഘട്ടത്തിൽ കാർഷിക മേഖലയിലെ പ്രധാന വിളകളുടെ ഉല്പാദനത്തിലുണ്ടായ മാറ്റങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പ്രതിപാദിക്കുന്നു.<br>1. **നെല്ല്:-** 1995-96 കാലഘട്ടത്തിൽ 471150 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 95302 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-2016 ൽ നെൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 196870 ആയി കുറയുകയും ഉല്പാദനം 549275 മെട്രിക് ടൺ ആയി കുറയുകയും ചെയ്തു.<br>2. **കുരുമുളക്:-** 1995-96 കാലഘട്ടത്തിൽ 191596 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 68569 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-2016 ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 85948 ആയി |

കുറയുകയും ഉല്പാദനം 42132 മെട്രിക് ടൺ ആയി കുറയുകയും ചെയ്തു.

**3. കശുവണ്ടി:-** 1995-96 കാലഘട്ടത്തിൽ 103284 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 82759 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-2016 ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 43090 ആയി കുറയുകയും ഉല്പാദനം 24733 മെട്രിക് ടൺ ആയി കുറയുകയും ചെയ്തു.

**4. നേന്ത്രവാഴ:-** 1995-96 കാലഘട്ടത്തിൽ 26267 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 362919 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-2016 ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 59835 ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 536155 മെട്രിക് ടൺ ആയി വർദ്ധിക്കുകയും ചെയ്തു.

**5. നാളികേരം:-** 1995-96 കാലഘട്ടത്തിൽ 914370 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 5155 മില്യൺ തേങ്ങ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-2016 ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 790233 ഹെക്ടർ ആയി കുറഞ്ഞെങ്കിലും ഉല്പാദനം 5873 മില്യൻ തേങ്ങ ആയി വർദ്ധിക്കുകയും ചെയ്തു.

**6. കാപ്പി:-** 1995-96 കാലഘട്ടത്തിൽ 82348 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 45000 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-2016 ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 84987 ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 69230 മെട്രിക് ടൺ ആയി വർദ്ധിക്കുകയും ചെയ്തു.

**7. തേയില:-** 1995-96 കാലഘട്ടത്തിൽ 36775 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 64801 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-2016 ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 30205 ഹെക്ടർ

| | | | |
|---|---|---|---|
| | | | ആയി കുറയുകയും ഉല്പാദനം 57898 മെട്രിക് ടൺ ആയി കുറയുകയും ചെയ്തു.<br>**8. റബ്ബർ :-** 1995-96 കാലഘട്ടത്തിൽ 448988 ഹെക്ടറിൽ ഉല്പാദനം നടത്തുകയും 474555 മെട്രിക് ടൺ ഉല്പാദിപ്പിക്കുകയും ചെയ്തു. എന്നാൽ 2015-2016 ൽ കൃഷി സ്ഥലത്തിന്റെ വിസ്തൃതി 550840 ഹെക്ടർ ആയി വർദ്ധിക്കുകയും ഉല്പാദനം 438630 മെട്രിക് ടൺ ആയി കുറയുകയുമാണുണ്ടായത്.<br>**9. പാൽ:-** 1995-96 കാലഘട്ടത്തിൽ 24.46 ലക്ഷം മെട്രിക് ടൺ ഉല്പാദനം നടത്തിയപ്പോൾ 2015-2016 ൽ ആയത് 26.50 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിക്കുകയുണ്ടായി.<br>**10. മുട്ട ഉല്പാദനം:-** 1995-96 കാലഘട്ടത്തിൽ 1991 ദശലക്ഷം ഉല്പാദനം നടത്തിയപ്പോൾ 2015-2016 ൽ ആയത് 2500.36 ദശലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ